മലയാള മനോരമ

25 November 2023

# ജെല്ലി ഫിഷ് വരുമാനം വർധിപ്പിക്കും: എ.ഗോപാലകൃഷ്ണൻ

തിരുവനന്തപുരം● കടൽച്ചൊറി എന്ന പേരിൽ അറിയപ്പെടുന്ന ജെല്ലി ഫിഷ് മത്സ്യത്തൊഴിലാളികളുടെ വരുമാനം വർധിപ്പിക്കുമെന്നും കയറ്റുമതി രംഗത്ത് സാധ്യത കൂട്ടുമെന്നും കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനമായ സിഎംഎഫ്ആർഐയുടെ ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ. കോവളത്ത് രാജ്യാന്തര സിംപോസിയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

2021ൽ 11,756 ടൺ ജെല്ലി ഫിഷാണ് ഇന്ത്യയിൽ നിന്ന് പിടിച്ചത്. ഇവിടെ ഇവയെ ഭക്ഷണമായി ഉപയോഗിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിന് ജെല്ലി ഫിഷിലെ പോഷകമൂല്യങ്ങളെ കുറിച്ച് ബോധവൽകരണവും ഇവയുടെ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനും നടപടികളും വേണം.

ഇവയെ പിടിക്കുന്നതിലും സംസ്കരണത്തിലും ഗുണനിലവാരത്തോടെ വിപണനം നടത്തുന്നതിലും വേണ്ടത്ര അറിവില്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സിഎംഎഫ്ആർഐയുമായി ചേർന്ന് കേരള സർവകലാശാലയാണ് സിംപോസിയം സംഘടിപ്പിക്കുന്നത്.